"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ഗുരുവായൂർ ഗസ്റ്റ് ഹൗസ് - വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.157/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 31.12.2022 ലെ HB4-230/2021(1) നമ്പർ കത്ത്

**ഉത്തരവ്**

നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമായി വരുന്ന ഗുരുവായൂർ ഗസ്റ്റ് ഹൗസ് മികച്ച രീതിയിൽ പരിപാലിക്കുന്നതിനായും 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനായും താമസത്തിനെത്തുന്ന അതിവിശിഷ്ട വ്യക്തികൾക്ക് മികച്ച താമസ ഭക്ഷണ സൗകര്യങ്ങൾ നൽകുന്നതിനായും ജീവനക്കാരെ അധികമായി നിയമിക്കേണ്ടതുണ്ട് എന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനെ അറിയിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിന്റെ കീഴിലെ സുപ്രധാന ഗസ്റ്റ് ഹൗസുകളിൽ ഏറ്റവും പ്രമുഖമായ ഒന്നായിരുന്നു തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ സർക്കാർ അതിഥി മന്ദിരം (പഴയ ബ്ലോക്ക്). വളരെ തിരക്കേറിയതും വി.വി.ഐ.പി-കൾ ഉൾപ്പെടെയുള്ള അതിഥികൾ എത്തിച്ചേർന്നിരുന്നതുമായ ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ പഴയ ബ്ലോക്ക് കാലപ്പഴക്കം മൂലം പൊളിച്ചുമാറ്റുകയും, പകരം അതെ സ്ഥലത്തുതന്നെ കൂടുതൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ബ്ലോക്ക് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 55 മുറികളോട് കൂടി പ്രവർത്തനം ആരംഭിക്കാൻ പോകുന്ന ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ തസ്തികകൾ അത്യാവശ്യമാണ് എന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള 9 തസ്തികകൾക്ക് പുറമേ ചുവടെ പരാമർശിക്കുന്ന തസ്തികളിൽ, **ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് നിയമനം നടത്തുന്നതിന്** വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഫുഡ് & ബീവറേജ് സർവ്വീസ്സ് സ്റ്റാഫ് | 5 |

| | | |
|---|---|---|
| 2 | ഹൗസ് കീപ്പിങ് സ്റ്റാഫ് | 5 |
| 3 | കുക്ക് | 3 |
| 4 | അസിസ്റ്റന്റ് കുക്ക് | 3 |
| 5 | റിസപ്ഷനിസ്റ്റ് | 2 |
| 6 | കിച്ചൻ മേട്ടി | 3 |
| 7 | സ്വീപ്പിങ് കം ക്ലീനിങ് സ്റ്റാഫ് | 5 |
| 8 | സെക്യൂരിറ്റി സ്റ്റാഫ് | 3 |
| **ആകെ** | | **29** |

(3) ഓരോ തസ്തികയ്ക്കും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തിപരിചയവും ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ്:

**1. ഫുഡ് ആൻഡ് ബിവറേജ് സ്റ്റാഫ്**

I. പ്രീ - ഡിഗ്രി / 10 + 2 പാസായിരിക്കണം.

II. കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടിൽ നിന്നും ഒരു വർഷത്തെ ഫുഡ് ആൻഡ് ബീവറേജസ് സർവീസ് ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നും ഫുഡ് ആൻഡ് ബീവറേജസ് സർവീസിൽ ഒരു വർഷ ഡിപ്ലോമ വിജയിച്ചിരിക്കണം.

III. 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ വെയ്റ്റർ/ ബട്ലർ/ ക്യാപ്റ്റൻ ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം.

**2. ഹൗസ് കീപ്പിങ് സ്റ്റാഫ്**

I. S.S.L.C അല്ലെങ്കിൽ തത്തുല്യ യോഗ്യത.

II. കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് കീഴിലുള്ള ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മന്റ് & കാറ്ററിംഗ്

ടെക്നോളജിയിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ഒരു വർഷ ഡിപ്ലോമയോ പി.ജി ഡിപ്ലോമയോ വിജയിച്ചിരിക്കണം.

III. 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ ഹൗസ് കിപ്പിങ്ങിൽ 6 മാസത്തെ പ്രവൃത്തി പരിചയം.

3. കുക്ക്

I. S.S.L.C അല്ലെങ്കിൽ തത്തുല്യ യോഗ്യത.

II. കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടിൽ നിന്ന് ഫുഡ് പ്രൊഡക്ഷൻ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് അല്ലെങ്കിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിങ് ടെക്നോളജിയിൽ നിന്ന് കുക്കറി/ ഫുഡ് പ്രൊഡക്ഷനിൽ ഒരു വർഷത്തെ ഡിപ്ലോമ വിജയിച്ചിരിക്കണം.

III. 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ കുക്ക്/ അസിസ്റ്റന്റ് കുക്ക് ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം.

4. അസിസ്റ്റന്റ് കുക്ക്

I. S.S.L.C അല്ലെങ്കിൽ തത്തുല്യ യോഗ്യത.

II. കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടിൽ നിന്ന് ഫുഡ് പ്രൊഡക്ഷൻ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയിച്ചിരിക്കണം.

III. 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ കുക്ക് / അസിസ്റ്റന്റ് കുക്ക് ആയി കുറഞ്ഞത് 1 വർഷത്തെ പ്രവൃത്തി പരിചയം.

5. റിസപ്ഷനിസ്റ്റ്

I. പ്രീ - ഡിഗ്രി / 10 + 2 പാസായിരിക്കണം.

II. കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടിൽ നിന്നും ഫ്രണ്ട് ഓഫീസ് ഓപ്പറേഷനിൽ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം.

III. 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്/ റിസപ്ഷനിസ്റ്റ് ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം.

(4) ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള തസ്തികകളിലേക്ക്, ബന്ധപ്പെട്ട മേഖലയിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും സ്റ്റാർ ഹോട്ടലുകളിൽ പ്രവർത്തി പരിചയവുമുള്ള ജീവനക്കാരെ ഒരു വർഷത്തേക്ക് കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ താത്കാലികമായി

നിയമിക്കാവുന്നതാണ്. സ്വീപ്പിങ് കം ക്ലീനിങ് സ്റ്റാഫിനെ കുടുംബശ്രീയിൽ നിന്നും നിയമനം നടത്താവുന്നതാണ്. സെക്യൂരിറ്റി ജീവനക്കാരെ സർക്കാർ സ്ഥാപനമായ കെക്സ് കോൺ മുഖേന നിയമിക്കാവുന്നതാണ്. സ്വീപ്പിംഗ് കം ക്ലീനിങ് സ്റ്റാഫ്, സെക്യൂരിറ്റി സ്റ്റാഫ് തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം-സി) വകുപ്പ് [17.08.2023 ലെ EXP-C3/25/2023-FIN[2381813] നമ്പർ റിമാർക്ക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/48/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 16-03-2024 13:00:17
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്